## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1799. 07.03.2018 ൽ മറുപടിക്ക്

## കരട് ആരോഗ്യനയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി<br>,, കെ.ഡി. പ്രസേനൻ<br>,, ആർ. രാജേഷ്<br>,, സി. കെ. ശശീന്ദ്രൻ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | അന്താരാഷ്ട്രതലത്തിൽ മാതൃകയായി മാറിയ കേരളത്തിലെ പൊതുജനാരോഗ്യമേഖലയെ ലോകോത്തരമാക്കി മാറ്റുന്നതിനായി കരട് ആരോഗ്യനയത്തിൽ അനുവർത്തിച്ചിട്ടുള്ള സമീപനം വിശദമാക്കാമോ ; | (എ) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും അവയുടെ ഉപകേന്ദ്രങ്ങളും മുതൽ മെഡിക്കൽ കോളേജുകൾ വരെയാണ് പൊതുജനാരോഗ്യത്തിന്റെ ത്രിതല സംവിധാനം ഓരോ തട്ടിലെയും സ്ഥാപനങ്ങൾക്ക് വ്യക്തമായ ഉത്തരവാദിത്തമുണ്ടെങ്കിലും ഇത് ലംഘിക്കപ്പെട്ടുമ്പോഴാണ് ഏറ്റവും മുകളിലത്തെ തട്ടിൽ അമിതമായ ജനത്തിരക്കും ഏറ്റവും താഴെത്തട്ടിലുള്ള അവഗണനയും ഉണ്ടാകുന്നത്. ഈ സ്ഥിതിയിൽ മാറ്റം വരുത്താനാണ് ശ്രമിക്കുന്നത്.<br><br>ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ്സ് മാനദണ്ഡമനുസരിച്ച് ഉചിതമായ ഭേദഗതികളോടെ ആരോഗ്യ മേഖലയിലെ എല്ലാ സ്ഥാപനങ്ങളെയും തരം തിരിച്ച് കർശനമായ റഫറൽ സംവിധാനം ഏർപ്പെടുത്തുക എന്നതാണ് കരട് ആരോഗ്യ നയത്തിൽ അനുവർത്തിച്ചിട്ടുള്ള സമീപനം |
| (ബി) | പൊതുജനാരോഗ്യപരിപാലനത്തിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ സാധാരണക്കാരുടെ ആശ്രയമായ സർക്കാർ ആശുപത്രികൾക്ക് പ്രാമുഖ്യം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സ്വകാര്യമേഖലയിലെ അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കുന്നതിനായി പ്രാഥമിക തലത്തോടൊപ്പം ദ്വിതീയ, ത്രിതീയ തലങ്ങളിലുള്ള സർക്കാർ ആശുപത്രികൾ അത്യാധുനിക വിദഗ്ധ ചികിത്സാ കേന്ദ്രങ്ങളാക്കി ഉയർത്തുവാൻ പദ്ധതിയുണ്ടോ ; വിശദാംശം നൽകുമോ ? | (സി) | ഉണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ പ്രാഥമികതല ചികിത്സാ കേന്ദ്രങ്ങളായിരിക്കും. ഇവയിൽ നിർബന്ധമായും ഉണ്ടാവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചികിത്സാ സംവിധാനങ്ങൾ എന്നിവ പൊതുവിൽ നിഷ്കർഷിക്കുകയും സമയബന്ധിതമായി ഇവ കൈവരിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യും. |

| | | | |
|---|---|---|---|
| | | | എല്ലാ താലൂക്ക് ആശുപത്രികളിലും പൊതുവിൽ ജില്ലാ-ജനറൽ ആശുപത്രികളും ദ്വിതല ചികിത്സാ കേന്ദ്രങ്ങളായിരിക്കും. ദ്വിതല ചികിത്സാ കേന്ദ്രങ്ങളിൽ അടിസ്ഥാന സ്പെഷ്യാലിറ്റികളായ മെഡിസിൻ, സർജറി, സ്ത്രീ രോഗ, ശിശു രോഗ വിഭാഗങ്ങൾക്കു പുറമേ ത്വക്ക് രോഗ ചികിൽസ, നേത്രരോഗ ചികിത്സ, ഇ.എൻ.ടി., എല്ലുരോഗ ചികിത്സ തുടങ്ങിയ വിഭാഗങ്ങളെല്ലാം ഉണ്ടാകും.<br><br>എല്ലാ മെഡിക്കൽ കോളേജുകളും ത്രിതല ആശുപത്രികൾ ആയിരിക്കും. മെഡിക്കൽ കോളേജുകൾക്ക് പുറമെ അടിസ്ഥാന സൗകര്യങ്ങൾ മെഡിക്കൽ കോളേജുകൾക്ക് സമാനമായി ലഭ്യമായിട്ടുള്ള ജില്ലാ ആശുപത്രികളും, സർക്കാർ മെഡിക്കൽ കോളേജുകൾ ഇല്ലാത്ത ജില്ലകളിലെ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള ജനറൽ ആശുപത്രിയോ താലൂക്ക് ആശുപത്രിയോ കൂടി ത്രിതല ആശുപത്രി സംവിധാനത്തിൽ സംവിധാനത്തിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്നു. പാലക്കാട് ജില്ലയിലെ കോട്ടത്തറ, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത മേഖലയിലെ ദ്വിതല ആരോഗ്യ കേന്ദ്രം, ഇടുക്കി, വയനാട് എന്നീ പിന്നോക്കം നിൽക്കുന്നതായി വിലയിരുത്തപ്പെട്ട ജില്ലകളിലെ തെരെഞ്ഞെടുക്കുന്ന ദ്വിതല ആരോഗ്യ കേന്ദ്രം എന്നിവയും ത്രിതല സംവിധാനമായി വികസിപ്പിക്കും. അടിസ്ഥാന സ്പെഷ്യാലിറ്റികൾക്കു പുറമേ, ഹൃദ്രോഗ, വൃക്കരോഗ, വിഭാഗങ്ങളും സർജിക്കൽ സ്പെഷ്യാലിറ്റികളും, എല്ലാ ത്രിതല ആശുപത്രികളിലും ഉണ്ടാകും. |

സെക്ഷൻ ഓഫീസർ